[Mr. Presient.]

"I move that the business of the House be adjourned to discuss an urgent matter of public importance, namely, the situation arising out of the serious turn the strike of the All Travancore porters Union has taken since 26-4-1124."

HON'BLE MR. T. K. NARAYANA PILLAI: സർ, ഇതു സംബന്ധിച്ച് ഒരു വിവരം എനിക്ക് സഭയെ അറിയിക്കുവാനുണ്ട്. എനിക്ക് ഈ അടിയന്തിരപ്രമേയത്തിനുള്ള നോട്ടീസ് ഇവിടെ വന്നതിനു ശേഷമേ കിട്ടിയിട്ടുള്ളൂ. ഏതായാലും ആ സാങ്കേതിക തടസ്സത്തിൽ എന്റെ നില ഉറപ്പിക്കണമെന്നു ഞാൻ വിചാരിക്കുന്നില്ല. ഈ പ്രമേയത്തിനു കാരണമായ സത്യാഗ്രഹം ഭാഗ്യവശാലോ നിർഭാഗ്യവശാലോ അവസാനിച്ചിരിക്കുന്നു. ആ സ്ഥിതിക്ക് ഈ പ്രമേയത്തിന്റെ ആവശ്യം ഇല്ലെന്ന് അറിയിച്ചുകൊള്ളുന്നു.

MR. A. K. PATCHU PILLAI : സർ, ഞാൻ ഇവിടെ നടക്കുന്ന സത്യാഗ്രഹത്തെ മാത്രം ഉദ്ദേശിച്ചല്ല ഈ പ്രമേയംകൊണ്ടുവന്നിട്ടുള്ളത്. സത്യാഗ്രഹം മാത്രമല്ല ഇവിടെ നടക്കുന്നതു. പല കുഴപ്പങ്ങളും അതിൽനിന്നും സംജാതമായിട്ടുണ്ട്. ആ കുഴപ്പങ്ങൾമൂലം പൊതുവേ ഉണ്ടായിരിക്കുന്ന ഗൗരവതരമായ സ്ഥിതിയെ ഉദ്ദേശിച്ചാണ് ഞാൻ ഈ പ്രമേയം കൊണ്ടുവന്നിട്ടുള്ളതു. ഏതായാലും അതവസാനിച്ചിരിക്കുന്നു എന്നു പറഞ്ഞ സ്ഥിതിക്ക് ഞാൻ എന്റെ പ്രമേയം പുഷ് ചെയ്യുന്നില്ല.

HON'BLE MR. T. K. NARAYANA PILLAI : കുഴപ്പങ്ങളെല്ലാം അവസാനിച്ചിരിക്കുന്നു എന്നു ഞാൻ പറഞ്ഞില്ല. ഈ അഡ്ജോൺമെന്റ് മോഷനു കാരണമായ സത്യാഗ്രഹം അവർ നിരുപാധികം പിൻവലിച്ചിരിക്കയാണെന്നും അവർ ഇപ്പോൾ സത്യാഗ്രഹം നടത്തുന്നില്ലെന്നും മാത്രമേ ഞാൻ പറഞ്ഞൊള്ളൂ.

MR. A. K. PATCHU PILLAI : സത്യാഗ്രഹം അവസാനിച്ചിരിക്കുന്നു എന്നു ബഹുമാനപ്പെട്ട പ്രധാനമന്ത്രി ഉറപ്പു പറഞ്ഞതിനെ അടിസ്ഥാനമാക്കി ഞാൻ എന്റെ പ്രമേയം പിൻവലിച്ചുകൊള്ളുന്നു.

COMMITTEE ON PETITIONS

MR. PRESIDENT : സ്റ്റാൻഡിംഗ് ആർഡർ നമ്പർ ഒന്നാം ഉപവകുപ്പു അനുസരിച്ച് ഈ സെഷനിലേക്ക് ഹർജിക്കമ്മിറ്റിയിലെ അംഗങ്ങളായി താഴെ പറയുന്നവരെ നിയമിച്ചിരിക്കുന്നു:—

ക. മി. എസ്സ്. നീലകണ്ഠയ്യർ
ഖ. ,, പി എസ്സ്. മുഹമ്മദ്
ഗ. ,, കണ്ണാറെ ഗോപാലപ്പണിക്കർ
ഘ. ,, ജി. പി. നീലകണ്ഠപ്പിള്ള
ങ. ,, ഇ. ഐ. പൗലോസ്

LIBRARY ARCHIVES Kerala Legislative Assembly